The Corporation is to spend atleast 2% of the average net profit for the last 3 years for CSR activities. മാൻഡേറ്ററി അല്ലാത്ത സമയത്തുതന്നെ ബിവറേജസ് കോർപ്പറേഷൻ CSR കൊടുക്കാൻ തീരുമാനിച്ചു. 2013-ലാണ് കൊടുക്കാൻ തീരുമാനിച്ചത്.

(ചോദ്യോത്തര സമയം കഴിഞ്ഞു)

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

കസ്തൂരി രംഗൻ റിപ്പോർട്ട്

4 (*454) ശ്രീ. രാജു എബ്രഹാം :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കസ്തൂരി രംഗൻ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ കേന്ദ്രസർക്കാർ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) യു.പി.എ. സർക്കാരിന്റെ കാലത്ത് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ച കരട് വിജ്ഞാപന പ്രകാരം പരിസ്ഥിതിലോല പ്രദേശങ്ങളായി കണക്കാക്കപ്പെട്ട പ്രദേശങ്ങളിലെ ആശങ്കകൾ ഇപ്പോഴും നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) അന്തിമ വിജ്ഞാപനത്തിൽ എന്തെല്ലാം ഘടകങ്ങൾ ഒഴിവാക്കണമെന്നാണ് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിരിക്കുന്നത് ; ഇതിന്മേൽ തുടർചർച്ചകൾ ഉണ്ടായിട്ടുണ്ടോ ; അന്തിമ വിജ്ഞാപനം എന്നത്തേക്ക് വരുമെന്ന് പ്രതീക്ഷിക്കുന്നു ;

(ഡി) ഇക്കാര്യത്തിൽ പരിസ്ഥിതി മന്ത്രാലയത്തിൽ നിന്നും എന്തെങ്കിലും പുതിയ നിർദ്ദേശം ലഭിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി):

(എ) ഇല്ല. കസ്തൂരി രംഗൻ റിപ്പോർട്ട് നടപ്പാക്കാനായി കേന്ദ്ര സർക്കാർ അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല.

(ബി) പശ്ചിമഘട്ട മേഖലയിലെ കർഷക ജനതയെ സാരമായി ബാധിക്കുന്ന ഒരു നടപടിയും കൈക്കൊള്ളരുതെന്നാണ് സംസ്ഥാന സർക്കാരിന്റെ നിലപാട്. ഉപജീവനത്തെയോ കൃഷിവൃത്തിയെയോ ബാധിക്കുന്നതൊന്നും പശ്ചിമഘട്ട സംരക്ഷണ നടപടികളിൽ ഉൾക്കൊള്ളുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) കസ്തൂരി രംഗൻ റിപ്പോർട്ട് പ്രകാരം കേരളത്തിലാകെ 13108 ച.കി.മീ. പ്രദേശം പരിസ്ഥിതി ലോലമായി കണക്കാക്കിയിരുന്നു. എന്നാൽ സംസ്ഥാന സർക്കാരിന്റെ ദ്രുതഗതിയിലുള്ള ഇടപെടലുകളുടെയും പ്രവർത്തനങ്ങളുടെയും അടിസ്ഥാനത്തിൽ പരിസ്ഥിതി ലോല പ്രദേശങ്ങളുടെ വിസ്തൃതി 9993.7 ച.കി.മീ. ആയിട്ട് കുറച്ചാണ് 10-3-2014-ൽ കേന്ദ്ര സർക്കാർ കരട് വിജ്ഞാപനം പുറപ്പെടുവിച്ചത്. ജനവാസ കേന്ദ്രങ്ങൾ, കൃഷിസ്ഥലങ്ങൾ, തോട്ടങ്ങൾ തുടങ്ങിയുള്ള പ്രദേശം ഒന്നാകെ ഒഴിവാക്കി വനപ്രദേശം മാത്രമേ ESA-യിൽ ഉൾപ്പെടുത്താവൂ എന്നതാണ് സംസ്ഥാന ഗവൺമെന്റിന്റെ വ്യക്തമായ നയം. അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനായി പരിസ്ഥിതലോല പ്രദേശങ്ങളുടെ അതിർത്തി വിവരണ റിപ്പോർട്ട് നൽകണമെന്ന് കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടിരുന്നു. ഇക്കാര്യത്തിൽ ഉടൻ റിപ്പോർട്ട് നൽകുന്നതാണ്. അന്തിമ വിജ്ഞാപനം ഉടനെതന്നെ പുറപ്പെടുവിക്കുമെന്ന് 7-7-2015-ൽ കൂടിയ സംസ്ഥാനങ്ങളുടെ യോഗത്തിൽ കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്.

(ഡി) ഇല്ല. പുതിയ നിർദ്ദേശങ്ങളൊന്നും കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ചിട്ടില്ല.

കുറ്റകൃത്യങ്ങൾ തടയാൻ നടപടി

5 (*455) പ്രൊഫ. സി. രവീന്ദ്രനാഥ് :

ശ്രീമതി പി. അയിഷാ പോറ്റി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ കുറ്റകൃത്യങ്ങളുടെ നിരക്ക് ദേശീയ ശരാശരിയെക്കാളും കൂടുതലാണെന്ന ദേശീയ ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ റിപ്പോർട്ട് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ആത്മഹത്യ, വിവാഹമോചനം, ഒളിച്ചോട്ടം, അശ്ലീല ദൃശ്യങ്ങളുടെ വ്യാപനം, സൈബർ നിയമലംഘനങ്ങൾ തുടങ്ങിയവയുടെ സംസ്ഥാനത്തെ നിരക്ക് ദേശീയ ശരാശരിയെക്കാളും വർദ്ധിച്ചിരിക്കുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) സാമൂഹം അരാജകത്വത്തിലേക്ക് വഴുതി വീഴുന്നത് തടയാൻ നടപടി സ്വീകരിക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) ദേശീയ ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ കണക്കുകൾ പ്രകാരം 2013-ൽ രജിസ്റ്റർ ചെയ്ത കേസുകളുടെ നിരക്ക് ദേശീയ തലത്തിൽ 212.4 ആണ്. എന്നാൽ കേരളത്തിൽ 502.2 ആണ് രേഖപ്പെടുത്തി കാണുന്നത്. 2013-ൽ കേരളത്തിൽ

LIBRARY ARCHIVES Kerala Legislative Assembly